The following is the Malayalam translation of a Sanskrit article by Swathi Thirunal titled "Muhana Prasanthaya Prasa Vyavasta" dealing with rhymes in musical compositions. The article throws light into the linguistic and musicological knowledge of Swathi Thirunal. The Sanskrit text in Malayalam characters is included at the end.

### മലയാള പരിഭാഷ:

# മുഹനയുടെയും പ്രാസത്തിന്റെയും അന്ത്യപ്രാസത്തിന്റെയും വ്യവസ്ഥ

**(സ്വാതിതിരുനാൾ)**

(സാഹിത്യപരിഷത് ത്രൈമാസികം (1114 മേടം) പുസ്തകം 7 ലക്കം 3 -ൽ 287-292 പേജുകളിൽ ഉള്ളൂർ പ്രസിദ്ധം ചെയ്ത ഗദ്യരൂപമാണ് ചുവടേ ചേർക്കുന്ന ഭാഷാകൃതി. ആമുഖമായി ഉള്ളൂർ പറയുന്നു: സംഗീത സാഗരവാരിദൃശ്വാവായ സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ ഒരു ഗദ്യകൃതിയാണ് ഇത്. ഇതിൽ സ്മരിക്കന്ന ശേഷയ്യങ്കാർ ശ്രീരംഗത്തുകാരനും മാർഗദർശി ശേഷയ്യങ്കാർ എന്ന പേരിൽ സുവിദിതനും ക്രി.പി. 16-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഒരു മഹനീയനായ കീർത്തനകാരനുമാകുന്നു. ഇദ്ദേഹത്തിന്റെ കീർത്തനങ്ങളിൽ ചിലത് അടുത്ത ഒരവസരത്തിൽ പ്രസിദ്ധപ്പെടുത്താമെന്നുദ്ദേശിക്കുന്നു. സ്വാതിതിരുനാൾ തിരുമേനിയുടെ സംഗീതകലാമർമജ്ഞത എത്രമാത്രം ഉൽകൃഷ്ടമാണെന്ന് ഈ ഉപന്യാസത്തിൽ നിന്നു കാണാവുന്നതാണ്.)

സംഗീതവിഷയമായിട്ടുള്ള സാഹിത്യങ്ങളിൽ പ്രയോഗിച്ചുവരുന്ന ശബ്ദാലങ്കാരങ്ങൾ മുഹന എന്നും പ്രാസമെന്നും അന്ത്യപ്രാസമെന്നും ഇങ്ങനെ മൂന്നുവിധത്തിൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നു. ആയതു മൂന്നിന്റെയും വിവരങ്ങൾ മേല്പറയുന്നതുകൊണ്ട് വിസ്തരമായി അറിയപ്പെടുകയും ചെയ്യും. എന്നാൽ ഇതിന് ഒരു വ്യവസ്ഥ ആന്ധ്ര ഭാഷയിലും ദ്രാവിഡത്തിലും സലക്ഷണമായിട്ട് ഉണ്ടെന്ന് വരികിലും വ്യാകരണപ്രയോഗസിദ്ധമായിരിക്കുന്ന സംസ്കൃതത്തിന്റെ രീതിക്ക് ആയതു ചിലതു വിരോധമായിട്ടു കാണുകകൊണ്ട് ശേഷയ്യങ്കാരുടെ കീർത്തനങ്ങൾ സംസ്കൃതത്തിൽ ആകയാൽ ആയതിൽ ഉള്ളതേ ഇവിടെ പ്രത്യക്ഷമായിട്ടുള്ളൂ.

മുഹന എന്നാൽ ഏതെങ്കിലും ഒരു കീർത്തനത്തിന്റെ ഏതെങ്കിലും പദത്തിന്റെയെങ്കിലും വർണത്തിന്റെയെങ്കിലും, ആദിക്കു കാണുന്ന അക്ഷരമെങ്കിലും ആ സ്ഥാനത്തിന് മേല്പറയുന്ന വ്യവസ്ഥപ്രകാരമുള്ള അക്ഷരമെങ്കിലും എടുത്തതിന്റെ രണ്ടാം ആവർത്തത്തിന്റെ ആദിക്കു പ്രയോഗിക്കുന്നതാകുന്നു. ആയതെങ്ങനെയെന്നാൽ അച്ച് എന്ന് വ്യവഹരിക്കുന്ന അകാരാതി 16 അക്ഷരങ്ങളും തന്നെ എങ്കിലും ഒരു ഹല്ലിനോട് കൂടിയിട്ടെങ്കിലും മുഹന പ്രയോഗിക്കുമ്പോൾ ആയതിനു വേണ്ടുന്ന നിയമം എഴുതുന്നു.

ഒന്നാമത് അകാരത്തിന് ആകാരവും ഐകാരവും ഔകാരവും ഹകാരവും പ്രയോഗിക്കാം. അതിൽ അകാരത്തിന് ആകാരം പ്രയോഗിക്കാമെന്നുള്ള പക്ഷം സാധാരണമാകകൊണ്ടും യുക്തികളെക്കൊണ്ടും പ്രയോഗബാഹുല്യം കൊണ്ടും സകലസമ്മതമാകയാലും ശേഷം കീഴ്പറഞ്ഞ മൂന്നിനും ഉദാരഹണങ്ങൾ എങ്ങനെയെന്നാൽ- “പരമകൃപാരസപൂർണനേത്രം ശ്രീ വൈകുണ്ഠവല്ലീകളത്രം“. എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. “അതുലിതലാവണ്യനിദാന മനോഹരമാല്യസുഗന്ധ“ എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഇകാരത്തിന് ഈകാരവം ഏകാരവും ഇലുകാരവും പ്രയോഗിക്കാം. അതിനും കീഴ്പറഞ്ഞതുപോലെ ഇകാരത്തിന് ഈകാരം പ്രയോഗിക്കാമെന്നുള്ളതിന് ഉദാഹരണാപേക്ഷ ഇല്ലായ്കകൊണ്ടും ശേഷം പറഞ്ഞ രണ്ടിനും ഉദാഹരണമെന്തെന്നാൽ, “ദേഹി തവ പദകമല ഭക്തിമനപനായി നീരദീന വത്സല“ എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. “ദിനകര കുലദീപധൃതദിവ്യശരചാപ “എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഉകാരത്തിന് ഊകാരവും ഓകാരവും പ്രയോഗിക്കാം. അതിന് ഉദാഹരണമെന്തെന്നാൽ “കുമുദാരി പ്രതാപമോഹനഗോപ-ബാലരൂപ “ എന്ന് ഒരു കീത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഇലുകാരവും ഇലൂകാരവും അക്ഷരാഭ്യാസത്തിലും വ്യാകരണത്തിലുമല്ലാതെ ഒരു സാഹിത്യത്തിലും പ്രയോഗിക്കാത്ത അക്ഷരങ്ങളാകകൊണ്ട് അത് ഇവിടെ പറഞ്ഞിട്ടു കാര്യവുമില്ല. അകാരത്തിനു ഹരാരമാകുന്ന ഹല്ലുകൂടെ പ്രയോഗിക്കാമെന്ന് കീഴ്പറഞ്ഞിട്ടുമുണ്ട്. വിശേഷിച്ചും ഏതു വിധത്തിൽ അച്ച് ഇരിക്കുന്നുവോ ആ അച്ചിനോടെങ്കിലും ആയതല്ലെങ്കിൽ അതിനു സജാതീയമായിട്ടു കീഴ്പറഞ്ഞ വ്യവസ്ഥപോലെ ഉള്ള വേറെ ഒരു അച്ചിനോടെങ്കിലും കൂടെച്ചേർത്ത് ഈ ഹകാരമാകുന്ന ഹല്ലു പ്രയോഗിക്കാം. അതിന് ഉദാഹരണങ്ങളും അനേകം ഉണ്ട്. മുഹന പ്രയോഗിക്കുന്നേടത്ത് ഹല്ല് എന്നു വ്യവഹരിക്കുന്ന കകാരാദ്യക്ഷരങ്ങളിൽ അഞ്ചു വർഗം ഉള്ളതിൽ ഒരോ വർഗത്തിൽ അഞ്ചാം അക്ഷരം ഒഴികേ ശേഷം നാലക്ഷരവും മുഹനയ്ക്കെടുക്കാം. അഞ്ചാം അക്ഷരം തന്നെ ആദിക്കു (മുഹന എന്നാൽ മോന (മുഖാനുപ്രാസം), അച് - സ്വരം, ഹല് - വ്യഞ്ജനം.) വന്നാൽ ആയതിനു മുഹന എടുക്കുന്നത് ആ അക്ഷരമല്ലാതെ ആ വർഗത്തിൽ ഉള്ളതിൽ

വേറെ ഒരു അക്ഷരവും എടുത്തുകൂടാ. സകാരവും ഷകാരവും ശകാരവും അഞ്ചു വർഗത്തിൽ നിന്നും വ്യതിരിക്തങ്ങളായിരിക്കുന്ന അക്ഷരങ്ങളെങ്കിലും ചവർഗത്തിൽ അഞ്ചാം അക്ഷരം ഒഴികേ ശേഷം നാലക്ഷരവും പ്രയോഗിക്കുമെന്നുള്ളതിന് ഒന്നിന് ഉദാഹരണം കാണിച്ചാൽ ശേഷം ഉള്ളതെല്ലാം അതുപോലെ എന്നു നിശ്ചയിച്ചുകൊള്ളാമല്ലോ. അതിന് ഉദാഹരണമെന്തെന്നാൽ "സാരസദളനേത്രജഗന്നുത ജലധരനിഭഗാത്ര" എന്നു ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. "ബവയോരഭേദഃ" എന്നുള്ളതുകൊണ്ട് വകാരത്തിന് പവർഗത്തിൽ അഞ്ചാം അക്ഷരമൊഴികെ ശേഷം എല്ലാം മുഹനയ്ക്ക് എടുക്കാം. അതിന് ഉദാഹരണമെന്തെന്നാൽ "വാഹിനീശ മദവിദാരക നിരയതാരകപാലിതസൂര്യകുമാരക" എന്നും ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. രേഫത്തിനു ലകാരം മാത്രം മുഹനയാക്കി എടുക്കാം. അതിന് ഉദാഹരണം "രമണീയസുഗുണാലവാലസുമധ്യമഭാഗലസമാന" എന്നു പ്രയോഗമുണ്ട്. ലകാരം മാത്രം അകാരത്തിനു ഹകാരം പേലെ മുഹനയാക്കി എടുക്കാമെന്നൊരു പക്ഷമുണ്ട്. ആയതിന് ഉദാഹരണം മേൽ വരികയും ചെയ്യും. സംയുക്തമായിരിക്കുന്ന അക്ഷരത്തിന് മുഹന എടുക്കുമ്പോൾ സംയുക്താക്ഷരത്തിൽ ആദിശ്രുതമായിരിക്കുന്ന അക്ഷരമെങ്കിലും അന്തഃശ്രുതമായിരിക്കുന്ന അക്ഷരമെങ്കിലും അഭേദേന മുഹനയാക്കി എടുത്തുകൊള്ളുകയും ചെയ്യാം. അതിന് ഉദാഹരണമെന്തെന്നാൽ 'ശ്രീരംഗശായിനം സകല ശുഭദായിനം ചിന്തയേഹം സദാ' എന്ന് ഒരു കീർത്തനത്തിലും 'ക്ഷതജമൂർഛിത ദശഗ്രീവം' എന്ന് ഒരു കീർത്തനത്തിലും പ്രയോഗിച്ചിരിക്കുന്നു. അക്ഷരത്തിന് മുഹനയാക്കി യകാരം എടുക്കാമെന്നുള്ള പക്ഷത്തിന് ഉദാഹരണമെന്തെന്നാൽ അനുപമപ്ലവഗപരിവാര 'ഹൃദയസൗഖ്യദഹനൂമദ്വചനസാര' എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. അപ്പോൾ അകാരത്തിനു ഖകാരം മുഹനയായിട്ടു വരായ്കകൊണ്ടും ഖകാരത്തിനോട് സംയുക്തമായിരിക്കുന്ന അക്ഷരം യകാരം ആകകൊണ്ടും ആ പക്ഷം ഇവിടെ സിദ്ധമായി. ഇതല്ലാതെ ഒരു കീർത്തനത്തിന്റെ ചരണാന്ത്യത്തിൽ വിവക്ഷിതമായിരിക്കുന്ന ശബ്ദം മുഹനയായി വരത്തക്കവണ്ണം മുൻപിലേകൂട്ടി നിശ്ചയിച്ച് അപ്രകാരം ഉള്ള അക്ഷരം പ്രയോഗിച്ചു കൊള്ളണം. അതിനു ഉദാഹരണമെന്തെന്നാൽ 'ജയ സുഗുണാലയ' എന്ന ഒരു കീർത്തനത്തിൽ 'നരസിംഹ' എന്ന ശബ്ദം ചരണാന്തത്തിൽ വിവക്ഷിതമാകകൊണ്ട് അത് മുഹനയായി വരത്തക്കവണ്ണം ഉള്ള നകാരവും ചില ദിക്കിൽ തത്സജാതീയമായിരിക്കുന്ന ണകാരവും എല്ലാ ചരണങ്ങളിലും പ്രയോഗിച്ചിരിക്കുന്നു. ആയതിൽ ഒന്നു രണ്ടു കാണിച്ചാൽ ശേഷം ഉള്ളതും അതുപോലെ എന്നു നിശ്ചയിച്ചുകൊള്ളാമല്ലോ. അതേതെല്ലാമെന്നാൽ 'ദീനശരണ്യ നരസിംഹ' എന്ന് ഒരു ചരണത്തിൽ പ്രയോഗിച്ചിരിക്കുന്നു. 'അനഘചരിത ശ്രീനരസിംഹ' എന്ന് ഒരു ചരണത്തിൽ പ്രയോഗിച്ചിരിക്കുന്നു. നകാരത്തിനു

ണകാരം മാത്രം മുഹനയായിട്ടു വരും. അതിനുദാഹരണമെന്തെന്നാൽ നീരദനീല ശരീര പാഹി ധരണീസുതാസഹായ എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. ചരണത്തിൽ മുഹനയും പ്രാസവും ഇടകലർന്നു വരണം. അതെങ്ങനെയെന്നാൽ മുൻപിൽ ഒരു ശബ്ദം എടുത്താൽ പിന്നത്തെ ആവർത്തത്തിൽ അതിനു മുഹന വരണം. പിന്നത്തതിൽ അതിനു പ്രാസം വരണം. ഒരു ചരണത്തിൽ മുഴുവനുംപ്രാസമായിട്ടു തന്നെ വരാം. എന്നാൽ അതുപോലെ എല്ലാം മുഹനയായിട്ടു വന്നുകൂടാ.

പ്രാസത്തിന്റെ നിയമം എഴുതുന്നു. അതെങ്ങനെയെന്നാൽ എടുത്ത ശബ്ദത്തിന്റെ രണ്ടാം അക്ഷരം പിന്നത്തെ ആവർത്തത്തിൽ പ്രയോഗിക്കുന്നതിനു പ്രാസമെന്നു സംജ്ഞ. അതിനു ഹല്ലിന്റെ നിയമം അല്ലാതെ അച്ചിന്റെ നിയമം ഇല്ല. എന്നാൽ 'ലളയോരഭേദ' എന്നുള്ളതുകൊണ്ട് ലകാരത്തിന് ളകാരം മാത്രം പ്രാസമായി പ്രയോഗിക്കാം. പ്രാസത്തിനു (ദ്വിതീയാക്ഷര സാമ്യരൂപമായ പ്രാസത്തിന് പാദാനുപ്രാസമെന്ന് ലീലാതിലകം.) സംയുക്തമായിരിക്കുന്ന അക്ഷരം എടുത്താലും അറ്റത്തോളം അതുപോലെതന്നെ പ്രയോഗിക്കാതെ ഇടയിൽ ഹല്ലിനു വ്യത്യാസം വരുത്തിക്കൂടാ. ചരണത്തിന്റെ ആദ്യത്തിലെങ്കിലും പല്ലവി എടുക്കുന്നിടത്തെങ്കിലും ആദി കൊടുക്കുന്ന ശബ്ദം 'വിമലകമല' എന്ന് ഹ്രസ്വമായിട്ട് എടുത്താൽ അതിനു 'കാമിത സാമജ' എന്ന് പ്രാസാക്ഷരത്തിന്റെ പൂർവാക്ഷരം എടുത്തുകൂടാ. പ്രാസം ഈ രണ്ടക്ഷരമായിട്ടും അതിലധികമായിട്ടും ഉണ്ട്. അതിന് ഉദാഹരണം എന്തെന്നാൽ 'തനുജശരണ പവനജമുഖപരിജന ജഗദഹിത ദനുജമദഹര മനുജതനുധരവനജദളനയന' എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു.

ഇനി അന്ത്യപ്രാസത്തിന്റെ നിയമം എഴുതുന്നു. അതെങ്ങനെയെന്നാൽ നേത്രം എന്ന് ഒരു ശബ്ദം അന്ത്യപ്രാസമാക്കി പ്രയോഗിച്ചാൽ പാത്രം, ഗാത്രം, സൂത്രം എന്നല്ലാതെ ശത്രും, അത്രിം എന്നെല്ലാം അച്ചിന്റെ വ്യത്യയവും രക്തം, ശക്തം, എന്നെല്ലാം ഹല്ലിന്റെ വ്യത്യയവും ഇതു രണ്ടും വന്നുകൂടാ. ഇതും അല്ലാതെ ഒരു കീർത്തനം മുഴുവൻ ഒരു അന്ത്യപ്രാസമായിട്ടുമുണ്ട്. അതിന് ഉദാഹരണമെന്തെന്നാൽ 'ശ്രീരഘുവരസുഗുണാലയ' എന്നുള്ള കീർത്തനത്തിൽ 'പുരഹരചിന്ത്യനാമധേയ' എന്നു പ്രയോഗിച്ചിട്ട്, ശേഷം എല്ലാ ചരണങ്ങളിലും കീഴ്പറഞ്ഞ യകാരം തന്നെ പ്രയോഗിച്ചുകൊണ്ടുപോയിരിക്കുന്നു. അന്ത്യപ്രാസം ഈ രണ്ടക്ഷരമായിട്ടുമുണ്ട്. അവിടെയും അച്ചും ഹല്ലും മാറിക്കൂടാ. അതിന് ഉദാഹരണമെന്തെന്നാൽ 'കലയേ താവകീന ചരണകിസലയേ' എന്ന് പ്രയോഗിച്ചിട്ട്, ശേഷം എല്ലാ ചരണങ്ങളിലും കീഴ്പറഞ്ഞ യകാരം തന്നെ പ്രയോഗിച്ചുകൊണ്ടു പോയിരിക്കുന്നു. എന്നാൽ ഇതു അന്ത്യപ്രാസമല്ലാതെ പ്രാസം തന്നെ എന്നു സംശയം വന്നാൽ, പ്രാസത്തിനു ഹല്ലിന്റെ നിയമം അല്ലാതെ അച്ചിന്റെ നിയമം ഇല്ലായ്കകൊണ്ടും

ഇതിൽ ആയതിനു രണ്ടു നിയമം കാണുകകൊണ്ടും അന്ത്യപ്രാസം എന്നു തന്നെ നിശ്ചയിക്കണം. അന്ത്യപ്രാസം മുമ്മൂന്നക്ഷരമായിട്ടും അതലധികമായിട്ടും വേണമെങ്കിൽ പ്രയോഗിക്കാം. ചരണത്തിന്റെ അന്ത്യത്തിൽ മാത്രം രണ്ട് അന്ത്യപ്രാസമായിട്ടും പ്രയോഗിക്കാം. അതിനുദാഹരണമെന്തെന്നാൽ 'വനജ ദളനയന അവിതമുനിസവന' എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. അനുപല്ലവിയിലെ എടുപ്പ് പല്ലവിയിലെ എടുപ്പിന് പ്രാസമായിരിക്കണം. ചരണത്തിൽ പ്രാസമെടുക്കുന്നത് വിവക്ഷപോലെ ഒരു ചരണത്തിൽ തന്നെ പാതിക്കും പാതിക്കും പ്രാസം മാറിയിട്ടും കാണുന്നു. എന്നാൽ അതു സാധാരണമായിട്ട് അനേകം പ്രയോഗങ്ങളിൽ കാണാഴികകൊണ്ട് അത് മുഖ്യമായിട്ട് ഇവിടെ എടുത്തുകൂടാ. അതിന് ഉദാഹരണമെന്തെന്നാൽ 'കരുണാകൃതശരണാഗത ഭരണ' എന്നു പ്രാസമെടുത്തിട്ട് പാതിക്കു മേൽ പോയപ്പോൾ 'അനപരാധി ജനവിരോധി ഖര ഭൂഷണ വിരാധഗുരു ധരാധരാളീ കുലിശ' എന്നു ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഒരാവർത്തത്തിൽ ഈ രണ്ടന്ത്യപ്രാസവും പ്രയോഗിക്കാം. അതിനുദാഹരണമെന്തെന്നാൽ 'ചന്ദ്രകുലവതംസ ദമിതകംസ പരമഹംസാർച്ചിത' എന്ന് ഒരു കീർത്തനത്തിൽ പ്രയോഗിച്ചിരിക്കുന്നു.

ഇതുമല്ലാതെ തനിച്ചൊല്ലെന്നൊരു സമ്പ്രദായവുമുണ്ട്. അതിന്റെ നിയമം എഴുതുന്നു. അതെങ്ങനെ എന്നാൽ ഇപ്പറഞ്ഞ തനിച്ചൊല്ലിനു കീഴ്പറഞ്ഞ പ്രാസാദി നിയമങ്ങൾ ഒന്നും തന്നെ ഇല്ല. തനിച്ചൊല്ലെന്നു വച്ചാൽ ഏതെങ്കിലും ഒരു ശബ്ദം പ്രയോഗിച്ചാൽ, പിന്നത്തെ ആവർത്തത്തിൽ ആ ശബ്ദത്തിനു മുഹനയെങ്കിലും പ്രാസമെങ്കിലും പ്രയോഗിക്കണമല്ലോ. എന്നാൽ അതു രണ്ടിന്റെയും മധ്യത്തിൽ പ്രത്യേകമായിട്ടു വരികകൊണ്ട് അതിനെ തനിച്ചൊല്ലെന്നു വ്യവഹരിക്കുന്നു. ഈ തനിച്ചൊല്ല് പല്ലവിയിൽ മാത്രമെങ്കിലും പ്രയോഗിക്കാം. ഒരു ചരണത്തിൽ ഒരിടത്തെങ്കിലും തനിച്ചൊല്ല് പ്രയോഗിച്ചാൽ ഒരു പോലെ ശേഷം ചരണങ്ങളിലും വേണം. എന്നാൽ തനിച്ചൊല്ല് ഒരു ശബ്ദത്തിനു മുഹനയെങ്കിലും പ്രാസമെങ്കിലും മധ്യത്തിൽ വരണമെന്നു പറഞ്ഞതിന്റെ ഉദാഹരണമെന്തെന്നാൽ 'ഹനൂമന്തം ചിന്തയോഗം' എന്ന കീർത്തനത്തിന്റെ അനുപല്ലവിയിൽ 'പാവന' എന്നു പ്രാസമെടുത്തിരിക്കുന്നു. അപ്പോൾ 'ഹനൂ' എന്നു എടുത്തിട്ട് അതിനു പ്രാസം 'പാവന' എന്നു പ്രയോഗിച്ചാൽ ആയതു കീഴ്പറഞ്ഞ പ്രാസനിയമത്തിനു വിരോധമായട്ടു കാണുകകൊണ്ട് 'പാ' എന്നുള്ള അക്ഷരത്തിനു 'വന' എന്നുള്ള അക്ഷരം പ്രാസമായിത്തീരും. തനിചച്ചൊല്ല് ഒരക്ഷരമായിട്ടും രണ്ടക്ഷരമായിട്ടും മൂന്നായിട്ടും താളത്തിൽ ചേരുന്നതുപോലെ പ്രയോഗിക്കാം.

# മുഹനാപ്രാസാന്ത്യപ്രാസവ്യവസ്ഥാ

സംഗീതവിഷയാസു സാഹിതീഷു പ്രയുജ്യമാനാശ്ശബ്ദാലങ്കാരഃ മുഹനാപ്രാസാന്ത്യപ്രാസാ ഇതി ത്രിധാ വ്യവഹ്രിയന്തേ തേഷാം ത്രയാണാമപി നിയമഃ വക്ഷ്യമാണയാ വ്യവസ്ഥയാ സുതരാമവദാതാഃ സ്യുഃ അഥ പൂർവോകർത്താനാമേഷാം മുഹനാപ്രാസാദി ശബ്ദാലങ്കാരാണാം നിയമേഷു ആന്ധ്രദ്രാവിഡാദി ഭാഷാസു സലക്ഷണം വിദ്യമാനേഷ്വപി വ്യാകരണസിദ്ധസ്യ ഗീർവാണസ്യ രീതേഃ ഏഷാം കേഷാഞ്ചിത് ക്വചിത് ക്വചിദ്വ്യഭിചരിതത്യാത് ശേഷരാമാനുജാ (ശേഷരാമാനുജൻ 16-ാം ശതകത്തിൽ ശ്രീരംഗത്തു ജീവിച്ച വാഗേയകാരൻ-മാർഗദർശിശേഷയ്യങ്കാർ) ഖ്യകവേഃ കൃതീനാം ഗീർവാണൈകപരത്വാച്ച തേന കവിനാ യേ യേ നിയമഃ പ്രയുക്താസ്ത ഏവാത്ര സ്വീകർതവ്യാഃ.

അഥ യസ്യ കസ്യചിത് കീർത്തനസ്യ വാ പദസ്യ വാ വർണസ്യ വാ ആദൗ ദൃശ്യമാനോ വർണോ, യദ്വാ വക്ഷ്യമാണവ്യവസ്ഥാനുസാരേണ തസ്മിൻ സ്ഥാന ഏവ പ്രയോക്തുമർഹം വർണാന്തരം വാ യദാ ദ്വിതീയാവർതസ്യാദൗ പ്രയുക്തം ഭവതി തദാ തസ്യ മുഹനാ ഇതി സംജ്ഞ. തത്ര ച അജിതി വ്യവഹ്രിയമാണേഷു അകാരാദി ഷോഡശവർണേഷു സ്വയമേവ വാ ഹലാ സഹ മിളിത്വാ വാ പ്രയോക്തവ്യേഷു തദർഥമപേക്ഷിതാം വ്യവസ്ഥാം ബ്രൂമഃ.

പ്രഥമതഃ അകാരസ്യ ആകാരശ്ച ഐരശ്ച ഔകാരശ്ച ഹകാരശ്ച മുഹനാത്വേന പ്രയോക്തവ്യഃ തത്ര അകാരസ്യ മുഹനാത്വേന ആകാരഃ പ്രയോക്തവ്യ ഇത്യസ്യ പക്ഷസ്യ സാധാരണത്വാച്ച യുക്തഭിഃ പ്രമാണബാഹുല്യേന ച സർവ സമ്മതത്വാച്ച ഉദാഹരണാപേക്ഷാഭാവാദ് അവശിഷ്ടാനാം ത്രയാണാമപി പൃഥക് പൃഥഗുദാണഹരണം ബ്രൂമഃ കഥമിതിചേത്-

> 'പരമകൃപാരസപൂർണനേത്രം ശ്രീ-
> വൈകുണ്ഠവല്ലീകളത്രം'

ഇത്യേകസ്മിൻ കീർതനേ പ്രയോഗഃ

> 'ചരണനിഹതശകടാസര! നിരുപമ ശൗര്യ! '

ഇത്യേകത്ര പ്രയോഗഃ

> 'അതുലിതലാവണ്യ നിദാന! മനോഹര മാല്യ
> സുഗന്ധ! '

ഇത്യേകത്ര പ്രയോഗഃ

ഇകാരസ്യ ഈകാരശ്ച ഏകാരശ്ച ഋകാരശ്ച മുഹനാത്വേന പ്രയോക്തവ്യഃ  തത്രാപി ഇകാരസ്യ ഈകാരഃ പ്രയോക്തവ്യ ഇത്യസ്യ പക്ഷസ്യ ഉദാഹരണാപേക്ഷാഭാവാത്.

അവശിഷ്ടസ്യ പക്ഷദ്വയസ്യാപ്യുദാഹരണം-

'ദേഹി തവ പദകമലഭക്തിമനപായിനീം

ദീനമത്സല! '

ഇത്യേകത്ര പ്രയോഗഃ

'ദിനകരകുലദീപ!
ധൃതദിവ്യശരചാപ! '

ഇത്യേകത്ര പ്രയോഗഃ

ഉകാരസ്യ ഊകാരശ്ച ഓകാരശ്ച പ്രയോക്തവ്യഃ

തസ്യോദാഹരണം-

'കുമുദാരി പ്രതാപമോഹന!

ഗോപബാലരൂപ? '

ഇത്യേകത്ര പ്രയോഗഃ
നുകാരസ്യ ഞകാരസ്യ ച അക്ഷരാഭ്യാസവേലായാം വ്യാകരണശാസ്ത്രേ ച ഉപയോഗം വിനാ അന്യത്ര കുത്രാപി കവിതാദിഷു അനുപയുക്തത്വാത് തയോർവർണയോഃ പ്രസംഗ ഏവാത്ര നിരർഥകഃ

അകാരസ്യ ഹകാരോഽപി പ്രയോക്തവ ഇത്യേകഃ പക്ഷഃ പൂർവ്വമുദാഹൃതഃ ഖലു വിശ്യഷ്യ യേനാച സഹ സ്ഥിതിഃ തേനൈവ അജക്ഷരേണ സഹ സംയുജ്യ വാ ഉത പൂർവ്വമുക്തവ്യവസ്ഥാനുസാരണേ തത് സജാതീയേന അക്ഷരാന്തരേണ സഹ വാ സംയുജ്യായം ഹകാരസ്തു പ്രയോക്തവ്യഃ അഥൈതത് സാധയിതും ഉദാഹരണാന്യപി ബഹൂനി സന്തി.

അഥ മുഹനാ പ്രയോഗേ ഹലിതി വ്യവഗ്രിയമാണകകാരാദ്യക്ഷരാന്തർഭുതേ തർഗപഞ്ചകേ തു ഏകൈകസ്മിൻ വർഗേ പഞ്ചമം വർണം വിഹായ അവശിഷ്ടാശ്ചത്വാരോഽപി വർണാസ്തു മിഥോ

മുഹനാത്വേന പ്രയോക്തവ്യാഃ പഞ്ചമ ഏവ വർണോ യദാ പ്രാരംഭേ പ്രയുക്തഃ സ്യാത് തദാ തമേവ വർണം വിനാ തസ്യ മുഹനാത്വേന സ്വവർഗ്യമപി വർണാന്തരം ന പ്രയോക്തവ്യം.

ശകാരഷകാരസകാരാഃ വർഗപഞ്ചകവ്യതിരിക്ത വർണാ അപി ചവർഗേ പഞ്ചമം വർണം വിഹായ അവശിഷ്ടസ്യ വർണചതുഷ്ടയസ്യ മുഹനാത്വേന പ്രയോക്തവ്യ ഇത്യസ്യ പക്ഷസ്യ ഏകസ്യ ഉദാഹരണേ പ്രദർശിതേ ശേഷം തദ്വദിതി നിശ്ചേതും ശക്യത്വാദ് ഏകസ്യോദാഹരണം ബ്രൂമഃ കഥ മിതിചേത്-

'സാരസദലനേത്ര! ജനനുത!
ജലധരനിഭഗാത്രേ! '

ഇത്യേകത്ര പ്രയോഗഃ

ബവയോരഭേ ഇത്യനേന വകാരസ്യ പവർഗേ പഞ്ചമം വർണം വിഹായാന്യേ ചത്വാരോഃപി

വർണാഃ മുഹനാത്വേന പ്രയോക്തവ്യാഃ തസ്യോദാഹരണം

'വാഹിനീശമദവിദാരക! നിരയതാരക!
പാലിതസൂര്യകുമാരക! '

ഇത്യേകത്ര പ്രയോഗഃ

രേഫസ്യ ലകാരോ മുഹനാത്വേന പ്രയോക്തവ്യഃ
തസ്യോദാഹരണം-
'രമണീയസഗുണാലവാലം സുമധ്യമഭാഗലസമാന'

ഇത്യേകത്ര പ്രയോഗഃ

അകാരസ്യ ഹകാരവദ്യകാരോഽപി മുഹനാത്വേന പ്രയോക്തവ്യ ഇത്യേകഃ പക്ഷഃ തസ്യോദാഹരണമുപരിഷ്ടാദ്വക്ഷ്യാമഃ
സംയുക്താക്ഷരസ്യ മുഹനാപ്രയോഗേ ആദിശ്രുതോ വാ യദ്വാ അന്തശ്രുതോ വർണഃ അഭേദനപ്രയോക്തുമർഹ ഏവ തയോരുദാഹരണം.

'ശീരംഗശായിനം സകല-

ശുഭദായിനം ചിന്തയേ/ഹം'
ഇത്യേകത്ര,

'ക്ഷതജമൂർഛിതദശഗ്രീവം'
ഇത്യന്യത്ര പ്രയോഗഃ

അകാരസ്യ മുഹനാത്വേന യകാരോ/പി പ്രയോക്തവ്യ ഇതി പൂർവമഭിഹിതസ്യ പക്ഷസ്യോദാഹരണം-
'അനുപമപ്ലവഗ പരിവാര! ഹൃദയസൗ-
ഖ്യദ! ഹനൂമദ്വചനസാര! '

ഇത്യേകത്ര പ്രയോഗഃ തർഹി അകാരസ്യ മുഹനാത്വേന ഖകാരസ്യാസംഭവാത് തേന ഖകാരേണ സഹ യകാരസ്യ സംയുക്തത്വാച്ച സ പക്ഷ, അത്ര സിദ്ധഃ

അപി ച യദാ ഏക ഏവ ശബ്ദശ്ചരണാന്തേഷു സർവത്രാപി വിവക്ഷിതഃ സ്യാത്തദാ യാ ദൃശേ വർണേ പ്രയുക്തേ വിവക്ഷിത ശബ്ദാദ്യസ്ഥിത വർണോ/സ്യ മുഹനാത്വേന പരിണമേത് താദൃശോ വർണസ്തു തത്പൂർവസ്ഥിതാ വർതേ പ്രയോക്തവ്യഃ, തസ്യോദാഹരണം- ജയ സുഗുണാലയ ഇത്യസ്മിൻ കീർത്തനേ നരസിംഹ ഇത്ര ഏവ ചരണാന്തേഷു സർവത്രാപി വിവക്ഷിതഃ അതഃ യഥാ പ്രയുക്തേ തച്ഛബ്ദാദ്യക്ഷരോ മുഹനാത്വേന പരിണമേത് തഥാ നകാരഃ അഥവാ ണകാരഃ സർവേഷ്വപി ചരണേഷു പ്രയുക്ത ഇത്യസ്യ ദ്വയോരുദാഹരണ പ്രദർശിതേശേഷം തദ്വദിതി നിർണേതും ശക്യത്വാത്തദിഹ ബ്രൂമഃ കഥമിതി ചേത്-

ദീ
നശരണ്യ! ശ്രീ
നരസിംഹ!
ഇത്യേകത്ര,

'അ
നഘചരിത്ര ശ്രീ
നരസിംഹ! '

(അനഘചരിത എന്നാവണം ശരിയായ പാഠം. എന്നാലേ ന ശരണ്യ! 'നരസിംഹ' എന്നിവയോട് മാത്രാസാമ്യം ഉണ്ടാകുകയുള്ളൂ.)

ഇത്യന്യത്ര പ്രയോഗഃ

നകാരസ്യ ണകാരോ മുഹനാത്വേന പ്രയോക്തവ്യഃ

തസ്യോദാഹരണം-

'നീരദനീലശരീര! പാഹി ധരണീസതാസഹായ!'

ഇത്യേകത്ര പ്രയോഗഃ

ചരണേഷു മുഹനാപ്രാസൗ മിളിത്വാ പ്രയോക്തവ്യയൗ കഥമിതി ചേത്-പ്രയുക്തസ്യ ശബ്ദസ്യ ദ്വിതീയാവർത്തേ മുഹനാ, പുനഃ പ്രാസഃ, പുനർമുഹനാ, പുനഃ പ്രാസ ഇത്യയം പ്രയോഗക്രമഃ ഏകസ്മിൻ ചരണേ, പ്രാസമയ ഏവദ്യന്തപര്യന്തം പ്രയോഗോ യുക്തഃ ന തഥാ മുഹനാമാത്രഃ.

അഥപ്രാസനിയമം വ്യക്ഷാമഃ കഥ മിതിചേത് ആദൗ പ്രയുക്തസ്യ ശബ്ദസ്യ ദ്വിതീയവർണോ യദാ ദ്വിതീയവർണോ യദാ ദ്വിതീയാവർതേ തഥൈവ പ്രയുക്തഃ സ്യാത് തദാ തസ്യ പ്രാസ ഇതി സംജ്ഞാ. തസ്യ തു ഹലക്ഷരനിയമം വിനാ അജക്ഷരനിയമോ നാസ്ത്യേവ. തഥാപി ലളയോരഭേദ ഇത്യനേന ലകാരസ്യ ഇകാരസ്തു പ്രാസത്വേന പ്രയോക്തവ്യഃ പ്രാസസ്യ സംയുക്തതാക്ഷരേ പ്രയുക്തേ സമാരബ്ധചരണാന്തപര്യന്തം തസ്യ സംയുക്തസ്യ ഹലക്ഷരസ്യ വ്യത്യയോ ന കാര്യഃ ചരണസ്യ വാ പല്ലവസ്യ വാ പ്രാരംഭേ പ്രയുക്തോ വർണഃ 'വിമലകമല' ഇത്യാദിവത് ഹ്രസ്വരൂപശ്ചേത് തസ്യ കാമിതസാമജ ഇത്യാദീനി ദീർഘാക്ഷരരൂപേണ പ്രാസപൂർവാക്ഷരപ്രയോഗോ ന സ്യാത് പ്രാസസ്തു വർണദ്വയ പരിമിതോ വാ തതോഽപ്യധികോ വാ യഥാവിവക്ഷം പ്രയോക്തവ്യഃ തസ്യോദാഹരണം -

'തനുജശരണ! പ-
വനജമുഖപരി-
ജന! ജഗദഹിത-
ദനുജമദഹര!
മനുജതനുധര!
വനജദലനയന!'

ഇത്യേകത്ര പ്രയോഗഃ

അഥാന്ത്യ പ്രാസനിയമാന്വക്ഷ്യാമഃ കഥ മിതി ചേത്- ഏകസ്മിൻ ചരണേ സർവ്വേഽപ്യന്ത്യപ്രാസാഃ സമാഃ പ്രയോക്തവ്യാഃ തർഹി പ്രാസസ്യ തു ഹലക്ഷരനിയമം വിനാ അജക്ഷരനിയമോ നാസ്തീതി യത്പൂർവമഭ്യധായി അന്ത്യപ്രാസ സ്യൈവം ന, അജക്ഷരസ്യ ച ഹലക്ഷരസ്യ ചൈവമുഭയോര പി നിയമൗ സമ്യഗപേക്ഷിതൗ കഥമിതി ചേത് - നേത്രം ഇത്യേകഃ ശബ്ദ അന്ത്യ പ്രാസരൂപേണ പ്രയുക്തശ്ചേത് തസ്യ 'ഗാത്രം''സൂത്രം' ഇത്യാദി രൂപണൈവ പ്രയോഗ ഉചിതഃ അന്യഥാദ്വിഹായ 'ശത്രും','അത്രിം' ഇത്യാദി വദജക്ഷരസ്യ വാ 'രക്തം','ശക്തം' ഇത്യാദീ വദ്ധലക്ഷരസ്യ വാ വ്യത്യയൗ ന കാര്യൗ.

കിഞ്ച ഏകസ്മിൻ കീർതനേ ആദ്യന്തപര്യന്തം ഏകസ്യൈവ അന്ത്യപ്രാസസ്യ പ്രയോഗോഽപി യുക്ത ഏവ. തസ്യോദാഹരണം- ശ്രീരഘുവര! സുഗുണാലയ! ഇത്യസ്മിൻ കീർതനേ പ്രഥമതഃ.

പുരഹരചിന്ത്യനാമധേയ!

ഇത്യന്ത്യപ്രാസം പ്രയുജ്യ പുനഃ തസ്മിൻ കീർതനേ സ്ഥിതേഷു സർവേഷ്വപി ചരണേഷു അന്ത്യപ്രാസാക്ഷരീഭൂതോ യകാര ഏവ പ്രയുക്തോ ദൃശ്യതേ.

അന്ത്യപ്രാസസ്ത്വക്ഷരദ്വയപരിമിതോഽപി പ്രയോക്തവ്യഃ തത്രാപ്യജക്ഷരസ്യ വാ ഹലക്ഷരസ്യ വാ വ്യത്യോ ന കാര്യഃ തസ്യോദാഹരണം-

'കലയേ

താവകീനചരണകിസലയേ'

ഇത്യേകത്ര പ്രയോഗഃ നനു അയം അന്ത്യ പ്രാസോ ന, അപി തു പ്രാസ ഏവേതി ശങ്കായാം ഉത്പന്നായാം പ്രാസസ്യ ഹലക്ഷര നിയമം വിനാ അജക്ഷരനിയമസ്യാഭാവാത്, അത്രതു ഉഭയോരപി നിയമസ്യ ദരീദൃശ്യമാനത്വാച്ചായമന്ത്യപ്രാസ ഇത്യേവ നിശ്ചയഃ കാര്യഃ
അന്ത്യ പ്രാസസ്ത്വക്ഷര ത്രയപരിമിതോ വാ തതോഽപ്യധി കോ വാ യഥാ വിവക്ഷം പ്രയോക്തവ്യഃ

ചരണാന്തഷ്വേവാന്ത്യ പ്രാസദ്വയപ്രയോഗോ $f$പി യുക്തഃ തസ്യോദാഹരണം-

'വനജദലനയന!

അവിതമുനിസവന!'

ഇത്യേകത്ര പ്രയോഗഃ

അനുപല്ലവാരംഭഃ പല്ലവാദ്യസ്ഥിതശബ്ദപ്രാസാക്ഷരീഭൂതഃ സ്യാത് ചരണേ പ്രാസാരംഭോ വിവക്ഷാനുസാരഃ.

ഏകസ്മിന്നേവ ചരണേ ചരണ പൂർവോത്തരാർഥയോഃ പ്രാസവ്യത്യയോ ദൃശ്യതേ. തഥാപ്യേതത് സാധയിതും പ്രയോഗബാഹുല്യസ്യാദൃശ്യമാനത്വാന്മുഖ്യതയാത്ര ന സ്വീകാര്യഃ തസ്യോദാഹരണം-

'കരുണാകൃത

ശരണാഗത

ഭരണ! '

ഇത്യാദൗ പ്രാസമാരഭ്യ ചരണാർഥോപരി

'അനപരാധി-

ജനവിരോധി-

ഖരഭൂഷണ-

വിരാധഗുരു-

ധരാധരാളികുലിശ! '

ഇതി പ്രയോഗോ ദൃശ്യതേ.

ഏകസ്മിന്നേവാവർതേ ദ്വാവന്ത്യ പ്രാസാവപി, പ്രയോക്ത വ്യൗ തസ്യോദാഹരണം-

'ചന്ദ്രകുലവതംസ! ദമിതകംസ! പരമഹംസാർചിത! '

ഇത്യേകത്ര പ്രയോഗഃ

അഥ അന്തരുക്തിരിതി കാചിദ്വ്യവസ്ഥാ തസ്യാ നിയമാന്വക്ഷ്യാമഃ കഥമിതിചേത്-അസ്യാഃ അന്തരുക്തേസ്തു പൂർവോക്താഃ പ്രാസാദിനിയമാഃ കേ$f$പി ന സന്തി. അന്തരുക്തിസ്തുയഃ കശ്ചിച്ഛബ്ദഃ പ്രയുക്തശ്ചേത് ദ്വിതീയാവർതാദൗ പൂർവോക്തവ്യവസ്ഥാനുസാരേണ മുഹനാ വാ

പ്രാസോ വാ പ്രയോക്തവ്യഃ ഖലു; തർഹി തയോ രുഭയോർമധ്യേ താളപൂരണാർഥം പൃഥക് പ്രയുജ്യമാനത്വാദേവ തസ്യാ അന്തരുക്തിരിതി സംജ്ഞാ. ഇയം അന്തരുക്തിഃ പല്ലവേ ഏവ വാ അനുപല്ലവേ ചരണേഷു വാ യഥാ വിവക്ഷം പ്രയോക്തവ്യാ. ഏകസ്മിൻ ചരണേ ഏകത്ര വാ സർവത്രാപി വാ അന്തരുക്തിഃ പ്രയുക്താ ചേത്സാ വ്യവസ്ഥാ ചരണാന്തരേഷ്വപി തഥൈവ അവലംബ്യാ. അന്തരുക്തിസ്തു പ്രഥമതഃ പ്രയുക്തസ്യ ശബ്ദസ്യ ച തസ്യ മുഹനാത്വേന വാ പ്രയുജ്യമാനസ്യ ശബ്ദസ്യ ച ഏവം ഉഭയോരപി മധ്യേ പ്രയോക്തവ്യേതി യത് പൂർവമുദീരിതം തസ്യോദാഹരണം – 'ഹനുമന്തം ചിന്തയേऽഹം' ഇത്യസ്മിൻ കീർതനേ അനുപല്ലവേ തു പാവന ഇതി പ്രാസപ്രയോഗോ ദൃശ്യതേ. തദാ 'ഹനൂ' ഇത്യസ്യ ശബ്ദസ്യ 'പാവന' ഇതി പ്രയുക്തേ പൂർവോക്തപ്രാസനിയമസ്യ സുതരാം വിരോധസ്യ പ്രത്യക്ഷത്വാത് പാ ഇത്യയം വർണഃ അന്തരുക്തിരിതി ജ്ഞേയാ. തദാ 'ഹനൂ' ഇത്യസ്യ ശബ്ദസ്യ 'വന' ഇത്യയം ശബ്ദഃ പ്രാസാക്ഷരീഭൂതഃ സ്യാത്. അന്തരുക്തിസ്തു ഏകദ്വിത്ര്യക്ഷരപരിമിതാ താളേ യഥാവകാശം പ്രയോക്തവ്യാ.

ശ്രീ സ്വാതി രാമവർമ കുലശേഖര വഞ്ചിമഹാരാജ പ്രണീതാ ഇതി മുഹനാപ്രാസാന്ത്യപ്രാസവ്യവസ്ഥാ സമാപ്താ.